**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - എറണാകുളം ജില്ലയിലെ ചെല്ലാനം ഗ്രാമപഞ്ചായത്തിന്റെ ഔദ്യോഗിക വാഹനം KL-43-D-5555 നമ്പർ മഹീന്ദ്ര ബൊലേറോ ജീപ്പ് കണ്ടം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി.) വകുപ്പ്**

സ.ഉ.(സാധാ) നം.1323/2023/LSGD തീയതി,തിരുവനന്തപുരം, 26-06-2023

---

പരാമർശം:-
1. 07.08.2017-ലെ സ.ഉ.(അച്ചടി) നം.102/217/ധന
2. 16.10.2019-ലെ സ.ഉ.(കൈ) നം.45/2019/പി.ഡബ്ല്യു.ഡി.
3. പഞ്ചായത്ത് ഡയറക്ടറുടെ 22.12.2022-ലെ PAN/14052/2022-G1(DP) നമ്പർ കത്ത്

**ഉത്തരവ്**

എറണാകുളം ജില്ലയിലെ ചെല്ലാനം ഗ്രാമപഞ്ചായത്തിന്റെ ഔദ്യോഗിക വാഹനം KL-43-D-5555 നമ്പർ മഹീന്ദ്ര ബൊലേറോ ജീപ്പ് കണ്ടം ചെയ്യുന്നതിനുള്ള അപേക്ഷ പരിശോധിച്ചതിൽ നിന്നും പ്രസ്തുത വാഹനം റിപ്പയർ ചെയ്യുന്നതിന് 3,99,505 രൂപ ചെലവുവരുമെന്ന് പൊതുമരാമത്ത് മെക്കാനിക്കൽ വിഭാഗം നൽകിയിട്ടുള്ള അൺ ഇക്കണോമിക്കൽ സർട്ടിഫിക്കറ്റിൽ വ്യക്തമാക്കിയിട്ടുള്ളതിനാൽ റിപ്പയർ സാമ്പത്തികപരമായി ഗുണപ്രദമല്ല എന്നും ടി വാഹനത്തിന് പൊതുമരാമത്ത് മെക്കാനിക്കൽ വിഭാഗം 1,00,000/- രൂപ (ഒരു ലക്ഷം രൂപ മാത്രം) വാല്യുവേഷൻ നിശ്ചയിച്ച് നൽകിയിട്ടുമുണ്ട് എന്നതിനാൽ ടി വാഹനം കണ്ടം ചെയ്യുന്നതിന് പരാമർശം (2) പ്രകാരമുള്ള ഉത്തരവിൽ, ഇളവ് അനുവദിച്ച് പ്രത്യേകാനുമതി നല്കണമെന്ന് പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. പൊതുമരാമത്ത് മെക്കാനിക്കൽ വിഭാഗം 1,00,000/-രൂപ (ഒരു ലക്ഷം രൂപ മാത്രം) വാല്യുവേഷൻ നിശ്ചയിച്ച് നൽകിയിട്ടുള്ള സാഹചര്യത്തിൽ, പരാമർശം (1) പ്രകാരമുള്ള, ഉത്തരവിലെ ഇനം നം 25 ലെ നിബന്ധനകൾക്ക് വിധേയമായി ചെല്ലാനം ഗ്രാമപഞ്ചായത്തിൻറെ ഔദ്യോഗിക വാഹനം കെ.എൽ-43 ഡി- 5555 നമ്പർ മഹീന്ദ്ര ബൊലേറോ ജീപ്പ്, പരാമർശം (2) പ്രകാരമുള്ള ഉത്തരവിൽ ഇളവ് നൽകി കണ്ടം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, ചെല്ലാനം ഗ്രാമപഞ്ചായത്ത്, എറണാകുളം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ / ഓഡിറ്റ്) കേരള, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫസർ, വെബ്&ന്യൂ മീഡിയ വിംഗ്, ഐ & പി.ആർ.ഡി

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
Reenamma P A
Date: 26-06-2023 15:43:20
സെക്ഷൻ ഓഫീസർ